KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :24/10/ 2019

# റോഡ് സുരക്ഷയൊരുക്കി കൊല്ലം സിറ്റി പോലീസ്

കൊല്ലം : റോഡിലൂടെ ട്രാഫിക്ക് നിയമങ്ങളെ വെല്ലുവിളിച്ച് പായുന്ന ബൈക്കുകൾക്കെതിരെ കർശന നടപടി സ്വീകരിച്ച് കൊല്ലം സിറ്റി പോലീസ്. ബൈക്കുകളിൽ രണ്ടു പേരിൽ അധികം യാത്ര ചെയ്ത് വന്ന ബൈക്കുകൾക്കെതിരെ കൊല്ലം സിറ്റി പോലീസ് പരിധിയിൽ മാത്രം ഇന്ന് 65 കേസുകൾ രജിസ്റ്റർ ചെയ്തു. നിയമലംഘകരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള കർശന നിയമ നടപടികൾ സ്വീകരിക്കുമെന്നും ഇവരിൽ നിന്നും വർദ്ധിപ്പിച്ച പിഴ തുക ഈടാക്കുമെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി.കെ.മധു ഐ.പി.എസ്സ്. അറിയിച്ചു. റോഡപകടങ്ങളിൽ ഏറെയും ഇരുചക്രവാഹനത്തിൽ സഞ്ചരിച്ചിരുന്നവർ ഹെൽമെറ്റും നാലുചക്ര വാഹനം ഓടിക്കുന്നവർ സീറ്റ് ബെൽറ്റും ധരിച്ചിരുന്നുവെങ്കിൽ മരണ സംഖ്യയിൽ വർദ്ധനവുണ്ടാകുകയില്ലായിരുന്നു. റോഡിൽ ചോരപ്പുഴ ഒഴുകാതിരിക്കുന്നതിന് വേണ്ടി ഇടതു വശത്തുകൂടിയുള്ള ഓവർടേക്കിംഗ്, അമിത വേഗത, മദ്യപിച്ചും, മൊബൈൽ ഫോൺ ഉപയോഗിച്ചും വാഹനം ഓടിക്കൽ തുടങ്ങിയവ നിരുത്സാഹപ്പെടുത്തുന്നതിനും ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിച്ച് യാത്ര ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നിതിന്റെയും ഭാഗമായി കർശനമായ വരും നാളുകളിലും കർശന പരിശോധന തുടരുന്നതായിരിക്കുമെന്നും കമ്മീഷണർ അറിയിക്കുന്നു.